കേരള സർക്കാർ

# സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്

## പത്തനംതിട്ട ജില്ല

## ഉപജില്ലാ അദാലത്ത് സമതി -1

05-02-2024, 10.30 am ന് തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ല അദാലത്ത് സമതി 1 ന്റെ യോഗ മിനിറ്റ്സ്.

പങ്കെടുത്തവർ

1. കെ.സി.സുരേഷ് കുമാർ (ഇൻന്റേണൽ വിജിലൻസ് ഓഫീസർ പത്തനംതിട്ട).
2. വിനീത്. ജി ( (അസിസ്റ്റന്റ് ടൗൺ പ്ലാനർ, എൽ.എസ്.ജി.ഡി, പ്ലാനിംഗ്)
3. മിനി.എസ്.(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി, മല്ലപ്പള്ളി, പത്തനംതിട്ട).

മല്ലപ്പള്ളി, പത്തനംതിട്ട എന്നിവടങ്ങളിലെ ഉദ്യോഗസ്ഥരും അദാലത്തിൽ പങ്കെടുത്തു.

**പരിഗണിച്ച വിഷയം** - വസ്തു നികുതി കുറച്ചുനൽകുന്നത് നൽകുന്നത് സംബന്ധിച്ച്.

ബഹു.കേരള മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന നവകേരള സദസ്സിൽ ലഭിച്ച അപേക്ഷ അദാലത്തിൽ പരിഗണിച്ചു.

**അദാലത്ത് തീർപ്പ്.**

കേരള സ്റ്റേറ്റ് എക്സ് സർവീസ് ലീഗ് **ആനിക്കാട് പ്രസിഡന്റ് സഖറിയ,** നവകേരള സദസ്സിൽ സമർപ്പിച്ച പരാതി സംബന്ധിച്ച്:-

കേരള സ്റ്റേറ്റ് എക്സ് സർവീസ് ലീഗ് ആനിക്കാട് യൂണിറ്റ് അംഗങ്ങൾ ഒത്തുകൂടുന്നതിനുപയോഗിച്ചിരുന്ന ആനിക്കാട് ഗ്രാമപഞ്ചായത്തിലെ 10/346 D നമ്പർ കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതിയായി 4292 രൂപ ഈടക്കുന്നുണ്ടെന്നും ആയത് കുറച്ചുനൽകുന്നതിന് നടപടി സ്വീകരിക്കണമെന്നുമാണ് പരാതിയിലൂടെ ആവശ്യപ്പെട്ടിട്ടുള്ളത്. ഇതു സംബന്ധിച്ച് നിവേദനം ബഹു.സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. പ്രത്യേക ഇളവ് നൽകേണ്ടത് ബഹു.സംസ്ഥാന സർക്കാർ ആയതിനാൽ അപേക്ഷ ബഹു.സർക്കാരിലേയ്ക്ക് കൈമാറുന്നതിനായി ജില്ലാതല അദാലത്ത് സമതിയ്ക്ക് കൈമാറാൻ തീരുമാനിച്ചു.

കൺവീനർ

ഉപജില്ലാ അദാലത്ത് സമിതി-1
ഇൻന്റേണൽ വിജിലൻസ് ഓഫീസർ-1
തദ്ദേശസ്വയം ഭരണവകുപ്പ്
പത്തനംതിട്ട.